ജനയുഗം
JANAYUGOM
16 January 2018

# പിടയ്ക്കുന്ന കാളാഞ്ചിയും പൊക്കാളി ബ്രാൻഡഡ് ഉൽപന്നങ്ങളും മത്സ്യ-ഭക്ഷ്യ-കാർഷികമേളയിലെ താരങ്ങൾ

കൊച്ചി: രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന മത്സ്യ-ഭക്ഷ്യ-കാർഷിക മേള ആദ്യ ദിനം തന്നെ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കൂടുകൃഷിയിൽ വിളവെടുത്ത കാളാഞ്ചി, കരിമീൻ, തിലാപ്പിയ തുടങ്ങിയ മീനുകൾ ജീവനോടെ സ്വന്തമാക്കാനാണ് മേളയിൽ കൂടുതൽ തിരക്ക് അനുഭവപ്പെട്ടത്. കർഷകരുടെ കൂട്ടായ്മകളായ സ്വയം സഹായ സംഘങ്ങളാണ് കൂടുകൃഷിയിൽ വിളവെടുത്ത മീനുകളും കക്കവർഗ്ഗങ്ങളുടെ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നത്. സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രം പുറത്തിറക്കിയ ബ്രാൻഡ് ചെയ്ത പൊക്കാളി ഉൽപ്പന്നങ്ങൾ വാങ്ങാനും ആവശ്യക്കാരേറെയായിരുന്നു.

പ്രൊഡ്യൂസേഴ്സ് കമ്പനികൾ രൂപീകരിച്ചാണ് കൃഷി വിജ്ഞാന കേന്ദ്രം പൊക്കാളി അരിയും അരി ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളും ബ്രാൻഡ് ചെയ്ത് പുറത്തിറക്കിയത്. ആദ്യ വിപണനം സിഎംഎഫ്ആർഐയുടെ മേളയിലായിരുന്നു. പുതിയ ബ്രാൻഡിലെ ഉൽപ്പന്നങ്ങൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്.

കൂടാതെ, വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി അനേകം ഉൽപ്പന്നങ്ങൾ വിപണന മേളയിൽ ലഭ്യമാണ്.

വിപണന മേളയ്ക്ക് പുറമെ, വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതികവിദ്യകളുടെ പ്രദർശനവുമുണ്ട്. ഐഐഎസ്ആർഒ, ഇൻകോയിസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുന്നുണ്ട്. സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യമാണ്.



സിഎംഎഫ്ആർഐയുടെ എഴുപതാം വാർഷികത്തിന്റെ ഭാഗമായി എറണാകുളം സിഎംഎഫ് ആർ ഐയിൽ നടക്കുന്ന മറൈൻ എക്സിബിഷൻ കാണുന്ന വിദ്യാർഥികൾ